ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:04.02.2025**

## പ്രധാനവാർത്തകൾ

1). രാജ്യത്തെ 25 കോടി ജനങ്ങളെ ദാരിദ്രത്തിൽ നിന്നു കരകയറ്റാൻ കേന്ദ്രസർക്കാരിൻറെ പ്രവർത്തനങ്ങളിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി ലോക്സഭയിൽ മറുപടി നൽകി.

2) 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

3) ഉത്തരാഖണ്ഡിൽ നടക്കുന്ന 38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണ്ണം. നീന്തലിൽ ഹർഷിത ജയറാമിന് മൂന്നാം മെഡൽ.

4) കോഴിക്കോട് അരയിടത്ത്പാലത്ത് സ്വകാര്യ ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ 50-ലേറെ പേർക്ക് പരിക്ക്. ഒരാളുടെ നില ഗുരുതരം.

5) ഡൽഹി നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

==========================================

RNU TVPM

പ്രധാനമന്ത്രി ഇൻട്രോ

രാജ്യത്തെ 25 കോടി ജനങ്ങളെ ദാരിദ്രത്തിൽ നിന്നു കരകയറ്റാൻ കേന്ദ്രസർക്കാരിൻറെ പ്രവർത്തനങ്ങളിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. വികസിത ഭാരതം സൃഷ്ടിക്കുന്നതിൽ ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതായിരുന്നു പാർലമെൻറിനെ അഭിസംബോധന ചെയ്യുകൊണ്ടുള്ള രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ വാക്കുകളെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

രാജ്യത്തെ ദരിദ്ര വിഭാഗങ്ങൾക്ക് 4 കോടി ഭവനങ്ങളും, 12 കോടി ശൗചാലയങ്ങളും നിർമിച്ചു നൽകാൻ തൻറെ സർക്കാരിന് സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. യുവജനങ്ങളുടെ തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനായി. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര തീരുമാനം മധ്യവർഗ്ഗത്തിന് ശക്തിപകരുമെന്നും അദ്ദേഹം വ്യക്തമാക്കി.

====================

RNU TVPM

**.ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ -മുഖ്യമന്ത്രി (intro)**

ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്യാൻസർ ചികിത്സാരംഗത്ത് നൂതനമായ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സർക്കാർ ശ്രദ്ധ പുലർത്തുന്നതായും അദ്ദേഹം പറഞ്ഞു. സംസ്ഥാന ആരോഗ്യ വകുപ്പിൻറെ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.
(ഹോൾഡ്)

ജനങ്ങളിലെ ക്യാൻസർ രോഗസാധ്യത കണ്ടെത്തി പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ഉറപ്പാക്കുകയാണ് ഒരു വർഷം നീളുന്ന ക്യാമ്പയിൻറെ ലക്ഷ്യം. മാർച്ച് 8 വരെ നീളുന്ന ആദ്യഘട്ട കാമ്പയിനിൽ

സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ പരിശോധനയും ചികിത്സയും ഉറപ്പാക്കും.

====================

ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണ്ണം. നീന്തലിൽ വനിതകളുടെ 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ ഹർഷിത ജയറാം സ്വർണം നേടി. ഹർഷിതയുടെ മൂന്നാം സ്വർണ്ണ നേട്ടമാണിത്. ഇന്ന് നടന്ന വനിതകളുടെ വാട്ടർ പോളോയിലും കേരളം സ്വർണ്ണം സ്വന്തമാക്കി. പുരുഷന്മാരുടെ വാട്ടർ പോളോയിൽ കേരളത്തിന് വെങ്കല മെഡലാണ് ലഭിച്ചത്. ബാസ്കറ്റ് ബോൾ 3x3 പുരുഷ, വനിതാ വിഭാഗങ്ങളിലും കേരളം ഇന്ന് ഓരോ വെള്ളി മെഡലുകൾ വീതം സ്വന്തമാക്കി. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. എട്ട് സ്വർണം ഉൾപ്പെടെ 20 മെഡലുകളുമായി പട്ടികയിൽ ഏഴാമതാണ് കേരളം .

RNU TVPM

====================

**ഡൽഹി പോളിങ്ങ്**

ഡൽഹി നാളെ പോളിങ്ങ് ബൂത്തിലേക്ക്. 70 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയാണ് വോട്ടെടുപ്പ് . തിരഞ്ഞെടുപ്പിനുള്ള എല്ലാ ക്രമീകരണങ്ങളും മണ്ഡലങ്ങളിൽ പൂർത്തിയായി. ഒരു കോടി 56 ലക്ഷത്തിലധികം വോട്ടർമാരാണ് നാളെ സമ്മതിദാനാവകാശം വിനിയോഗിക്കുക. 699 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. 1.8 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി വിന്യസിച്ചിട്ടുള്ളത് . ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

====================

**.സ്വകാര്യ ബസ് മറിഞ്ഞ് അപകടം**

കോഴിക്കോട് അരയിടത്ത് പാലം മേൽപ്പാലത്തിന് സമീപം സ്വകാര്യ ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ 50-ലേറെ പേർക്ക് പരിക്ക്. ഒരാളുടെ നില ഗുരുതരമാണ്. കോഴിക്കോട് താമരശേരി റൂട്ടിലോടുന്ന ബസാണ് ഇന്ന് വൈകുന്നേരം അപകടത്തിൽപ്പെട്ടത്. പാലം ഇറങ്ങിവരുന്നതിനിടെയായിരുന്നു അപകടം. പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

=====================

**കെ എൻ ബാലഗോപാൽ**

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 211 കോടി രൂപകൂടി അനുവദിച്ചതായി ധന മന്ത്രി കെ എൻ ബാലഗോപാൽ . പൊതുആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ ഒരു ഗഡുകൂടിയാണ് അനുവദിച്ചത്.

=====================

**എ കെ ശശീന്ദ്രൻ**

മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കാനുള്ള നടപടികൾ സംബന്ധിച്ച് വനം മന്ത്രി എ കെ ശശീന്ദ്രൻറെ അധ്യക്ഷതയിൽ ഇടുക്കി ജില്ലയിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. മേഖലയിൽ നിരന്തരമായി ഉണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ മന്ത്രി പ്രത്യേക താൽപ്പര്യമെടുത്താണ് യോഗം വിളിച്ചു ചേർത്തത്. പരിഹാരമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട് വനംവകുപ്പ് തയ്യാറാക്കിയ സംക്ഷിപ്ത പദ്ധതിയും തൂക്കുവേലികളുടെും, ആന പ്രതിരോധ കിടങ്ങുകളുടെയും നിർമ്മാണ പുരോഗതിയും മന്ത്രി വിലയിരുത്തി.

=====================

**കെഎസ്ആർടി പണിമുടക്ക്**

കെഎസ്ആർടിസിയിൽ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്ക് സംസ്ഥാനത്ത് തുടരുന്നു. പലയിടത്തും സമരാനുകൂലികൾ ബസ് തടഞ്ഞു. എന്നാൽ

RNU TVPM

പണിമുടക്ക് ബസ് സർവീസിനെ കാര്യമായി ബാധിച്ചില്ല. ഡയസ്നോൺ പ്രഖ്യാപിച്ചും ജീവനക്കാരെ അധികമായി ഡ്യൂട്ടിയ്ക്ക് നിയോഗിച്ചുമാണ് കെ എസ് ആർ ടി സി പണിമുടക്കിനെ നേരിട്ടത്. ആകെയുള്ള 1,035 സർവീസിൽ 88 എണ്ണം മാത്രമാണ് മുടങ്ങിയതെന്നും അധികൃതർ അറിയിച്ചു.

====================

**രാജ് ഭവനിൽ സ്വീകരണം**

2025- ലെ റിപ്പബ്ളിക്ക് ദിന പരേഡിൽ പങ്കെടുത്ത എൻ.സി.സി കേരള കണ്ടിജൻറിന് രാജ് ഭവനിൽ സ്വീകരണം നൽകി. 174 എൻ.സി.സി. കേഡറ്റുകൾക്കും കണ്ടിജൻറ് കമാൻഡർക്കുമാണ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വീകരണം നൽകിയത്.

====================

PRD TVPM

**വി ഡി സതീശൻ**

കിഫ്ബി റോഡുകളിൽ നിന്ന് ടോൾ പിരിക്കാൻ സർക്കാർ തീരുമാനിച്ചാൽ അത് അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ . സർക്കാരിനെതിരെ ശക്തമായ ജനകീയ പ്രക്ഷോഭമുണ്ടാകുമെന്നും, നികുതി പണം ഉപയോഗിച്ച് പണിയുന്ന റോഡുകൾക്കും പാലങ്ങൾക്കും ടോൾ ചുമത്തുന്നത് ജനങ്ങളോടുള്ള നീതികേടാണെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു.

====================

**കെ.സുരേന്ദ്രൻ**

കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിന് ഇത്തവണ ലഭിച്ചത് ചരിത്രത്തിലെ ഏറ്റവും മുന്തിയ പരിഗണനയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. കേരളത്തിനോട് കേന്ദ്രം അവഗണന കാട്ടുന്നതായി യുഡിഎഫും എൽഡിഎഫും വ്യാജപ്രചരണം നടത്തുകയാണെന്നും അദ്ദേഹം കോഴിക്കോട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

====================

## ഭാഗ്യക്കുറി നറുക്കെടുപ്പ്

ക്രിസ്റ്റുമസ് - നവവത്സര ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, സമ്മർ ബമ്പർ ഭാഗ്യക്കുറിയുടെ പ്രഖ്യാപനവും മന്ത്രി കെ.എൻ ബാലഗോപാൽ നാളെ നിർവഹിക്കും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് നറുക്കെടുപ്പ്. 20 കോടി രൂപയാണ് ഒന്നാം സമ്മാനം.

====================

## ചെന്താമര

പാലക്കാട് നെന്മാറ, ഇരട്ട കൊലപാതക കേസിലെ
പ്രതി ചെന്താമരയെ സംഭവസ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തി.
ജനരോഷം കണക്കിലെടുത്ത് വൻ പോലീസ് സുരക്ഷയാണ് പ്രദേശത്ത് ഏർപ്പെടുത്തിയിരുന്നത്.
നാളെയും തെളിവെടുപ്പ് തുടരുമെന്ന് പോലീസ് പറഞ്ഞു.

RNU TVPM

====================

## ഒരാൾ മരിച്ചു

തൃശൂർ ചിറ്റാട്ടുകരയിൽ ഇടഞ്ഞോടിയ ആനയുടെ കുത്തേറ്റ് ഒരാൾ മരിച്ചു. ആലപ്പുഴ സ്വദേശി ആനന്ദ് ആണ് മരിച്ചത്. ബ്രഹ്മകുളം പൈങ്കിണിക്കൽ ക്ഷേത്രത്തിൽ ഉത്സവത്തിനെത്തിച്ച ആന കുളിപ്പിക്കുന്നതിനിടെ പാപ്പാനെ കുത്തി പരിക്കേൽപ്പിച്ച ശേഷം ഇടഞ്ഞോടുകയായിരുന്നു.

ആനയെ പിന്നീട് തളച്ചു.

====================

ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ വൻ കുതിച്ചുചാട്ടം. സെൻസെക്സ് 1,397 പോയിൻറ് ഉയർന്ന് 78,584 ലും, നിഫ്റ്റി 378 പോയിൻറ് നേട്ടത്തിൽ 23,739 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ വില സർവകാല റെക്കോർഡിൽ. പവന് 840 രൂപ ഉയർന്ന് 62,480 രൂപയും ഗ്രാമിന് 105 രൂപ വർദ്ധിച്ച് 7,810 രൂപയുമാണ് ഇന്നത്തെ വില.

====================

**കള്ളക്കടൽ പ്രതിഭാസം**

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ തീരങ്ങളിലും, തമിഴ്നാട് തീരത്തും നാളെ രാവിലെ 05.30 മുതൽ വൈകുന്നേരം 05.30 വരെ ഉയർന്ന തിരമാലക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

====================

RNU TVPM

**യുവാവ് മരിച്ചു.**

തിരുവനന്തപുരം അരുവിക്കര മുണ്ടേലയിൽ ഊഞ്ഞാൽ കയർ കഴുത്തിൽ കുരുങ്ങി യുവാവ് മരിച്ചു. മാവുകോണം സ്വദേശി അഭിലാഷ് ആണ് മരിച്ചത്. ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കവെ അബദ്ധത്തിൽ കയർ കുരുങ്ങി മരിച്ചതാകാം എന്നാണ് പൊലീസിൻറെ പ്രാഥമിക നിഗമനം.

====================

**വി ശിവൻകുട്ടി-പച്ചക്കറി മോഷണം**

തൈക്കാട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എൽ.പി. സ്കൂളിലെ തോട്ടത്തിൽ നിന്ന് പച്ചക്കറി മോഷണം പോയതായുള്ള കുട്ടികളുടെ പരാതിയിൽ പോലീസ് അന്വേഷണം നടക്കുന്നതായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി . ഉച്ചഭക്ഷത്തിനായി കുട്ടികൾ നട്ടുവളർത്തിയ കോളിഫ്ലവർ ഉൾപ്പെടെയുള്ള പച്ചക്കറികളാണ് മോഷണം പോയത്. വിഷയത്തിൽ കുഞ്ഞുങ്ങൾക്ക് ഒപ്പമുണ്ടെന്നും വിദ്യാഭ്യാസ മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു

====================

**മനുഷ്യാവകാശ കമ്മീഷൻ**

മത്സ്യ തൊഴിലാളികൾ ആശയ വിനിമയത്തിനായി ഉപയോഗിക്കുന്ന മറൈൻ റേഡിയോയുടെ വിതരണം കാലതാമസം കൂടാതെ പൂർത്തിയാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. 2020 ൽ 6,253 രൂപ അടച്ചെങ്കിലും വയർലെസ് ലഭിച്ചില്ലെന്ന പരാതിയിലാണ് ഫിഷറീസ് ഡയറക്ടർക്ക് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശം നൽകിയത് .ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ജില്ലയിൽ 432 ഗുണഭോക്താക്കൾ പണം അടച്ചെന്നും 245 എണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളവ ഉടൻ നൽകുമെന്നും പറയുന്നു.

====================

============================

===========================================

.

RNU TVPM